No. of Printed Pages : 4

**FML**

# Foundation Course : MALAYALAM

00236

## Term-End Examination

## June, 2010

## Course Code : FML

*Time : 2 hours* *Maximum Marks : 50*

---

1. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉപന്യാസ രീതിയിൽ ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം).** 2x10=20

   (a) "അവൻ വീണ്ടും വരുന്നു" എന്ന നാടകത്തിലെ പ്രധാന നായികയായ സാറാമ്മയുടെ മാനസിക സ്ഥിതിയെ വിലയിരുത്തിക്കൊണ്ടു സംഭവ ബഹുലമായ നാടകത്തെക്കുറിച്ചു വർണ്ണിക്കുക.

   (b) സാമൂഹിക ഭദ്രതയ്ക്ക് അത്യന്താപേക്ഷിതമായ കുടുംബം ഇന്ത്യയിലെ സാമൂഹ്യ സ്ഥിതിയെ ദൃഢപ്പെടുത്തുന്നുവെന്നു വിലയിരുത്തിക്കൊണ്ട് ഒരുപന്യാസം തയ്യാറാക്കുക.

   (c) വിഭക്തിയെന്നാലെന്ത് ? മലയാളത്തിലെ വിഭക്തികളെ എങ്ങനെ വർഗ്ഗീകരിക്കാം ? ഉദാഹരണസഹിതം വിവരിയ്ക്കുക.

   (d) വാർത്താ നിവേദനത്തിന്റെ വിവിധ ശൈലികൾ ഏതെല്ലാം രീതിയിലെന്ന് ഉദാഹരണ സഹിതം ഒരുപന്യാസം തയ്യാറാക്കുക.

2. **ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** 3x5=15

(a) സംക്ഷേപണം ചെയ്യുന്നതിലും വിപുലനം ചെയ്യുന്നതിലുമുള്ള വ്യത്യാസം ഉദാഹരണ സഹിതം വിവരിക്കുക.

(b) അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ അമ്മയ്ക്കുണ്ടായ തീരാവ്യഥയുടെ കാരണങ്ങൾ വിവരിയ്ക്കുക.

(c) മലയാളത്തിലെ സമാസങ്ങൾ ഏതെല്ലാം തരത്തിൽ വിഭജിച്ചിരിക്കുന്നു ? ഉദാഹരണ സഹിതം ഉത്തരമെഴുതുക.

(d) പ്രമാണരേഖ എങ്ങനെയാണ് തയ്യാറാക്കുന്നതെന്ന് വിശദീകരിക്കുക.

(e) ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസമെന്താണ് ? വിശദീകരിക്കുക.

3. **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക.** 5

When we think of trees, we think of their cool and refreshing shade, of children playing around them and of tired travellers resting under them. Trees give us fruit to eat and firewood to burn. We build houses and make furniture with the wood of trees. If the paper on which this book is printed could tell its own story, it would perhaps tell you that once it was a tree on some hillside. Trees out of which the furniture in your classroom, the benches and chairs, is made perhaps grew in the forests of Assam or Kerala. Trees not only supply us with many of the conveniences of our daily life, they do much more than that. They support the life of living things.

4. **താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** 1x10=10

(a) **ആവരണങ്ങളിൽ കൊടുത്തിട്ടുള്ളവയിൽ നിന്ന് ശരിയായ ഉത്തരം കണ്ടുപിടിച്ച് എഴുതുക.**

(i) ചെറിയ ചാവേറ്റു സംഘങ്ങൾക്കു പറഞ്ഞു വന്നിരുന്ന പേരാണ് __________ .

(ചങ്ങാതം, മാമങ്കം, ചാവേറ്റു വിരുതി)

(ii) __________ ആണ് ബോധത്തിന് അടിസ്ഥാനം.

(പ്ളീഹ, നേത്രം, ബോധം)

(iii) കുരുക്ഷേത്രത്തിന് പറയുന്ന മറ്റൊരു പേര് __________ എന്നാണ്.

(പുണ്യക്ഷേത്രം, ധർമ്മക്ഷേത്രം, ജന്മക്ഷേത്രം)

(iv) ചേഷ്ടാവാദത്തിന്റെ അവതാരകൻ __________ ആണ്.

(ജെ.ബി. വാട്ട്സൺ, എഡിസൺ, കാഫ്കെ)

(v) നാടകത്തിന്റെ പ്രധാനഘടകങ്ങൾ ഇതിവൃത്തം, കഥാപാത്രങ്ങൾ, __________ എന്നിവയാണ്.

(രംഗമന്ദിരം, സംഭാഷണം, ശബ്ദം)

(vi) സൂര്യനിലുള്ള രണ്ടു പ്രധാന പദാർത്ഥങ്ങൾ __________ , __________ .

(ഓക്സിജൻ, കാർബൺ, ഹീലിയം, ഹൈഡ്രജൻ)

(vii) ''കെട്ടിയ പെണ്ണ് '' എന്ന വാക്യഘടനയിൽ ''കെട്ടിയ'' എന്ന പദം __________ ആണ്.

(ക്രിയാ വിശേഷണം, നാമ വിശേഷണം, അനുപ്രയോഗം)

(viii) ''കാണെ കാണെ'' നിലവിളിച്ചു എന്ന വാക്യത്തിൽ ''കാണെ കാണെ'' എന്നത് __________ രൂപമാണ്.

(പാക്ഷിക വിനയെച്ചം, തൻവിനയെച്ചം, മുൻവിനയെച്ചം)

(b) **ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

(i) കേവല ക്രിയയെന്നാലെന്ത് ? ഉദാഹരണ സഹിതം വിവരിക്കുക.

(ii) ജന്മചോദനകൾ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് ?